(ബി) 1. മരണപ്പെടുന്ന വ്യക്തി കുടുംബത്തിലെ പ്രധാന വരുമാന വാഹകൻ ആയിരിക്കണം.

2. കുടുംബം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം.

3. അപേക്ഷിക്കുന്നയാൾ കേരളത്തിൽ 3 വർഷം താമസിക്കുന്ന ആളായിരിക്കണം.

4. മരണമടഞ്ഞ വ്യക്തി 18-ന് മുകളിലും 60 വയസ്സിനു താഴേയും പ്രായമുള്ളവരായിരിക്കണം.

5. മരണ തീയതി മുതൽ ഒരു മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ച അപേക്ഷകളിൽ ധനസഹായം നൽകിയതിനു ശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാലതാമസം വന്നിട്ടുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചു നൽകുന്നു.

(ഡി) ഉണ്ട്. ആകെ മാപ്പപേക്ഷ സഹിതം ലഭിച്ച 3687 അപേക്ഷകളിൽ 2019 അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്. ഇനി മാപ്പപേക്ഷ സഹിതം ലഭിച്ച് 1668 അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കാൻ ബാക്കിയുണ്ട്. ആയതിന്മേലുള്ള തുടർ നടപടികൾ തുടർന്നു വരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

കൈവശം വച്ച് നികുതി അടയ്ക്കുന്ന ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

109(4740) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളുടെ കൈവശമുള്ളതും നികുതി അടച്ച് പോരുന്നതുമായ ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും. ഇതിനായി എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് എന്നും വിശദമാക്കാമോ;

(ബി) ഇതിനാവശ്യമായ അപേക്ഷ ആർക്കൊക്കെയാണ് നൽകേണ്ടത്;

(സി) വില്ലേജ് ഓഫീസർക്കും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കും ഇതിനായി അപേക്ഷ നൽകിയാൽ എത്രദിവസത്തിനകം മറുപടി നൽകണമെന്നാണ് നിലവിലുള്ള വ്യവസ്ഥ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി വ്യക്തികളിൽനിന്നും ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

(ഇ) അനുവദിച്ച പട്ടയങ്ങളുടെ പകർപ്പ് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ടവർക്ക് അപേക്ഷ സമർപ്പിച്ചാൽ സേവനാവകാശനിയമ പ്രകാരം എത്ര ദിവസത്തിനകം മറുപടി നല്കണമെന്നുള്ള വ്യവസ്ഥയാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(എഫ്) മലപ്പുറം ജില്ലയിൽ പട്ടയങ്ങളുടെ പകർപ്പ് ലഭിക്കാൻ വേണ്ടിയുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

റവന്യൂ വകുപ്പ് സേവനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

110 (4741) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ്, താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതി രഹിതവും ആക്കുന്നതിന് ഇ-ഫയലിംഗ് സംവിധാനം റവന്യൂ വകുപ്പിൽ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വില്ലേജ്, താലൂക്ക്, കളക്ടറേറ്റുകളിലെ കൂടുതൽ സേവനങ്ങൾ സേവനാവകാശ നിയമത്തിൻ കീഴിൽ കൊണ്ടുവരുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ വില്ലേജ്/താലൂക്ക് ഓഫീസുകളിലെ ഇ-ഫയലിംഗ് സംവിധാനം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ഏറാമല വില്ലേജ് ഓഫീസ്

111(4742) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ ഏറാമല വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly